# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 261** **18.06.2019 -ൽ മറുപടിയ്ക്ക്**

**ഹൈടെക് സ്കൂൾ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഒ. ആർ. കേളു**<br>**ശ്രീ. ജോർജ് എം. തോമസ്**<br>**ശ്രീ. എ. എൻ. ഷംസീർ**<br>**ശ്രീ.പി.കെ. ശശി** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിൽ സാങ്കേതിക വിദ്യാഭ്യാസം സാധ്യമാക്കുന്നതിന് ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) എങ്കിൽ ഇതിനായി എന്തെല്ലാം ഉപകരണങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്; | ബി) ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, എച്ച്.ഡി.എം.ഐ. കേബിൾ, ഫേസ് പ്ലേറ്റ്, വൈറ്റ് സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ഡി.എസ്.എൽ.ആർ. ക്യാമറ, എൽ.ഇ.ഡി. ടെലിവിഷൻ (42"), എച്ച്.ഡി. വെബ് ക്യാം, മൾട്ടി ഫങ്ഷൻ പ്രിന്റർ എന്നീ ഉപകരണങ്ങളും ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്കനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, സ്കൂളുകൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റി, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ക്ലാസ് റൂം നെറ്റ്‌വർക്കിംഗ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| സി) പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | സി) സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഹൈടെക് ക്ലാസ്സ് മുറികളിൽ ആശയ വിനിമയം സുഗമമാക്കുന്നതിനായി 'സമഗ്ര' വിഭവ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ഉണ്ട്; ഹൈടെക് ക്ലാസ് മുറികളിൽ പാഠവിനിമയത്തിനായി പാഠാസൂത്രണങ്ങളും അതിനനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് 'സമഗ്ര' എന്ന പേരിൽ ഒരു ഡിജിറ്റൽ വിഭവ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത വിഭവ പോർട്ടലിൽ കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് രണ്ടാം പതിപ്പായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനൊപ്പം പോർട്ടലിന്റെ ഓഫ്‌ലൈൻ വേർഷനും ലഭ്യമാക്കിയിട്ടുണ്ട്. പുതുക്കിയ സമഗ്ര പോർട്ടലിൽ 2019-20 വർഷത്തെ പാഠപുസ്തകങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് പാഠാസൂത്രണങ്ങളും വിഭവങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്. പ്രൈമറി ക്ലാസുകൾക്കാവശ്യമായ ഡിജിറ്റൽ വിഭവങ്ങളും ഉൾപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലായി 27811 റിസോഴ്സുകൾ വിവിധ ഇനങ്ങളിലായി 'സമഗ്ര'യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ